Page 1 of 2

വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 200 ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ടി പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ ഭാഗമായി ഇതിനകംതന്നെ പട്ടികജാതി സംരംഭകരുടെ 235 ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്കിടയിൽ ആരോഗ്യകരമായ മത്സരം നിലനിർത്തുന്നതിന് എല്ലാ വിഭാഗങ്ങളിൽനിന്നും വ്യത്യസ്തമായ ഉത്പന്നങ്ങളാണ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുള്ളത്. ഓൺലൈൻ പ്ലാറ്റ്ഫോമിൽ എല്ലാ ഉത്പന്നങ്ങൾക്കും ഒരുപോലെ സ്വീകാര്യത ലഭിക്കാത്തതും കോവിഡ് കാലത്ത് കൂടുതൽ ഉത്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കൾ സംരംഭകർക്ക് ലഭ്യമാകാത്തതും ഓൺലൈൻ വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## സാമൂഹിക ക്ഷേമപദ്ധതികൾ

89(2125) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ സാമൂഹിക ക്ഷേമപദ്ധതികളുടെ വിശദവിവരം, പദ്ധതി തുകയും ചെലവാക്കിയ തുകയും ഉൾപ്പെടെ പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ പദ്ധതികളും ആനുകൂല്യങ്ങളും പട്ടികയായി നൽകാമോ?

(എ&ബി) വിശദ വിവരങ്ങൾ അനുബന്ധം I* ഉം II *-ഉം ആയി ചേർക്കുന്നു.

## ഇരിക്കൂർ മണ്ഡലത്തിൽ ഭവനരഹിതർക്ക് വീട്

90(2126) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ എത്ര വീടുകൾ ഭവനരഹിതർക്ക് നിർമ്മിച്ചുനൽകിയെന്ന് വെളിപ്പെടുത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 28 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി പുനരധിവാസ മിഷൻ മുഖേന 10 പേർക്കും വീട് നിർമ്മിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ഫേസ് I (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം)-ൽ ഉൾപ്പെടുത്തി 152 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ലൈഫ് മിഷന്റെ ഭാഗമായിട്ടാണോ ഇവയുടെ നിർമ്മാണം നടത്തിയതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിപ്രകാരമാണ് 28 വീടുകൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ ഫേസ് I (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം)-ൽ ഉൾപ്പെടുത്തിയാണ് 152 വീടുകൾ പൂർത്തിയാക്കിയത്.

(സി) പ്രസ്തുത കാലയളവിൽ വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിനായി എത്ര രൂപ ആകെ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണ പദ്ധതിപ്രകാരം മേൽ കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 88,95,000 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 3,01,64,768 രൂപയും അനുവദിച്ചിട്ടുണ്ട്.

### പട്ടികജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം

91(2127) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മുഖാന്തരം എത്രപേർക്കാണ് വിവാഹ ധനസഹായം നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖാന്തരം 44661 പേർക്ക് 298,65,85,000 രൂപയും (ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം 1533 പേർക്ക് 11,83,90,000 രൂപയും (പതിനൊന്ന് കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) വിവാഹ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly